തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയ സൗജന്യ റേഷൻ

28 [2680] ശ്രീ. വി. ഡി. സതീശൻ:
" എൻ. ശക്തൻ:
" കെ. മുഹമ്മദാലി:
" എ. പി. അനിൽകുമാർ:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് ഈ വർഷം ഇതുവരെ സൗജന്യമായി റേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ഈ വർഷം ഇതുവരെ എന്തു തുക ചെലവഴിച്ചു;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സഹായം തേടിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാന സർക്കാർ 2002 ആഗസ്റ്റ് മുതൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ഓരോ തൊഴിലാളി കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യമായി നൽകുന്നുണ്ട്. 1580.79 ടൺ അരി വിതരണം നടത്തുകയും 21120 തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ആറ് ആഴ്ചകളോളം അരി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ തുക ഉപയോഗിച്ച് 12-5-2003 മുതൽ നാലാഴ്ച 10 കിലോ അരി വീതം വിതരണം നടത്തിയിട്ടുണ്ട്. 30-6-2003-ൽ തുടങ്ങിയ നാല് ആഴ്ചകളിൽ 10 കിലോ അരി വീതം വിതരണം നടത്തുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 6-11-2002 മുതൽ സർക്കാർ ഉത്തരവ് 2326/02/റവന്യൂ എന്ന ഉത്തരവു പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് കേന്ദ്രസർക്കാരിന്റെ 'ജോലിക്ക് ഭക്ഷണം' പദ്ധതി പ്രകാരം അരി വിതരണം നടത്തുന്നുണ്ട്. കൂടാതെ ഈ മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഡെലിഗേഷൻ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്.

കർഷകത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

29 [2681] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായത്തിനായുള്ള എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുവാനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly